പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 126

27-06-2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികളുടെ കടം എഴുതി തള്ളിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>ബി) എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നു അറിയിക്കുമോ; | എ) യും ബി) യും<br><br>കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 15-12-2009 ലെ സ.ഉ.(കൈ) നം. 78/2009/മതുവ പ്രകാരം ഹഡ്കോ ഭവന വായ്പ ഇനത്തിൽ 9891 മത്സ്യത്തൊഴിലാളികൾക്കായി 1182.60ലക്ഷം രൂപയും 24-2-2010 ലെ സ.ഉ.(കൈ) നം. 9/2010/മതുവ പ്രകാരം എൻ.സി.ഡി.സി. വായ്പ ഇനത്തിൽ 48355 മത്സ്യത്തൊഴിലാളികൾക്കായി 115,03,49,024/- രൂപയും 6-12-2010 ലെ സ.ഉ.(പി) നമ്പർ 91/2010/മതുവ പ്രകാരം 50000-ത്തോളം മത്സ്യത്തൊഴിലാളികൾക്കായി 241.15 കോടി രൂപയും മേൽ ഉത്തരവ് പ്രകാരം എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്കീമുകളിലായി മത്സ്യഫെഡ് മുഖേന അനുവദിച്ച വായ്പകളും, മത്സ്യഫെഡ് സംഘങ്ങൾ തനത് ഫണ്ട് വഴി മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച വായ്പകളിന്മേൽ 10094 പേർക്ക് 12.43 കോടി രൂപയും മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും അതിൽ എത്ര അപേക്ഷകളിന്മേൽ തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ നാളിതുവരെ 114826 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 100658 ഗുണഭോക്താക്കളുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മത്സ്യഫെഡ്, ഹഡ്കോ, എൻ.സി.ഡി.സി, എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നിവയിൽ നിന്നും എടുത്ത കടങ്ങൾ എഴുതിത്തള്ളുന്നതിനായി ശുപാർശ നൽകുകയും അതിൽ 58246 പേരുടെ കടങ്ങൾ എഴുതിത്തള്ളിയിട്ടുമുണ്ട്. എന്നാൽ ഒരു അപേക്ഷയിൽ ഒരു മത്സ്യത്തൊഴിലാളിയുടെ മുഴുവൻ കടങ്ങളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ളതിനാൽ ഇനി ദേശസാൽകൃത ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എടുത്ത വായ്പയിന്മേലുള്ള കടങ്ങൾ കൂടി പരിശോധിച്ച് ശുപാർശ ചെയ്താൽ മാത്രമേ പൂർണ്ണമായും തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം ലഭ്യമാകുകയുള്ളൂ. |

ഡി) ഇതിനായി എത്ര തുകയാണ് ആവശ്യമായി വന്നത് എന്ന് അറിയിക്കുമോ?

ഡി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എൻ.സി.ഡി.സി, ഹഡ്കോ ഇനത്തിൽ 58246 മത്സ്യത്തൊഴിലാളികളുടെ 126,86,09,024/- രൂപയുടെ കടാശ്വാസം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യഫെഡിന്റെ തനതു ഫണ്ട്, എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി വായ്പ ഇനത്തിൽ 10094 മത്സ്യത്തൊഴിലാളികളുടെ 11.78 കോടി രൂപയുടെയും പത്തനംതിട്ട, ഇടുക്കി എറണാകുളം, പാലക്കാട്, മലപ്പുറം, കാസറഗോഡ് എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിതള്ളുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത 44,37,96,234 രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി.ആർ.പി പദ്ധതി പ്രകാരം അനുവദിച്ച തുകയിൽ 13,76,58,113/- രൂപ മത്സ്യഫെഡിനും, 46,81,145/- രൂപ ഫിഷറീസ് വകുപ്പിന്റെ നേരിട്ട് നിയന്ത്രണമുള്ള ഫിഷറീസ് സംഘങ്ങൾക്കും ജില്ലാ ആഫീസർ വഴി നൽകുകയുണ്ടായി.

(signature)

സെക്ഷൻ ഓഫീസർ